**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3575** **05-08-2021 - ൽ മറുപടിയ്ക്ക്**

**വാമനപുരം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വാമനപുരം നിയോജകമണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വ്യവസായ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം നൽകാമോ; | (എ) | വാമനപുരം നിയോജക മണ്ഡലത്തിൽ കഴിഞ്ഞ 5 വർഷക്കാലം സൂക്ഷ്മ ചെറുകിട വ്യവസായങ്ങൾ തുടങ്ങുന്നതിന് 170 കോടി രൂപ വായ്പ നൽകിയിട്ടുണ്ട്. വ്യവസായ വകുപ്പിന്റെ വിവിധ പദ്ധതികൾക്ക് നൽകിയ സബ്സിഡിയുടെ വിശദാംശം ചുവടെ ചേർക്കുന്നു. പി.എം.ഇ.ജി.പി - 13 കോടി രൂപ ഇ.എസ്.എസ്. (സംരംഭക സഹായ പദ്ധതി) - 2.33 കോടി രൂപ നാനോ സംരംഭങ്ങൾക്കുള്ള മാർജിൻ മണി ഗ്രാന്റ് (2020-21) – 1,60,000/- രൂപ ഒരു സംരംഭകയ്ക്ക് ഗ്രാന്റായി നൽകിയിട്ടുണ്ട് ആഷ (അസിസ്റ്റൻസ് സ്കീം ഫോർ ഹാൻഡിക്രാഫ്റ്റ്സ് ആർട്ടിസാൻസ്) - 43,000/- രൂപ ഇന്ററസ്റ്റ് സബ്.വെൻഷൻ ടു നാനോ യൂണിറ്റ് - 26,000/- രൂപ വ്യവസായ സംരംഭക ബോധവൽക്കരണ പരിപാടി (ഇ.എ.പി) - 2015-16 മുതൽ 2019-20 വരെ തുടർച്ചയായി നടത്തിയിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ ആശയമായ സ്കിൽ ഡവലപ്പ്മെന്റ് സൊസൈറ്റികൾ വാമനപുരം നിയോജക മണ്ഡലത്തിലെ വാമനപുരം, നെല്ലനാട്, പനവൂർ, ആനാട്, പുല്ലമ്പാറ, കല്ലറ എന്നീ പഞ്ചായത്തുകളിൽ രൂപീകരിക്കാൻ സാധിച്ചു. ഈസ് ഓഫ് ഡൂയിങ് ബിസിനസ്സിലെ കെ-സ്വിഫ്റ്റ് എന്ന സംവിധാനത്തിൽ വാമനപുരം നിയോജക മണ്ഡലത്തിലെ 20 സംരംഭങ്ങൾ ആരംഭിച്ചു. വാമനപുരം പഞ്ചായത്തിലെ കളമച്ചൽ ഐ.ടി.ഐ., പാങ്ങോട് പഞ്ചായത്തിലെ മന്നാനിയ കോളേജ് ഓഫ് ആർട്ട്സ് & സയൻസ് എന്നിവടങ്ങളിൽ ഇ.ഡി. ക്ലബ്ബുകൾ ആരംഭിച്ചിട്ടുണ്ട്. നെടുമങ്ങാട് കൈത്തറി സർക്കിളിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു. വ്യക്തിഗത നെയ്ത്തുകാർക്കുള്ള പണി ശാലാ നവീകരണം പദ്ധതി - 17 പേർക്ക് (15000 രൂപ വീതം) വീട്ടിൽ ഒരു തറി പദ്ധതി - 1 (4000 രൂപ |

| | | | |
|---|---|---|---|
| | | | വീതം) ജില്ലാ പഞ്ചായത്തു വഴി 10 പേർക്ക് തറി നൽകി സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി നെയ്ത്തുകാർ - 30 ഉത്പാദനം മീറ്ററിൽ ഷർട്ടിംഗ് - 69150 മീ, സ്യൂട്ടിംഗ് - 25780 മീ കൂലി ഇനത്തിൽ നൽകിയ തുക ഷർട്ടിംഗ് - 3201128.52/-, സ്യൂട്ടിംഗ് - 1470244.86/- ആകെ - 4671373.38/- രൂപ |
| (ബി) | ഈ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കാമോ? | (ബി) | പരമ്പരാഗത മേഖലയായുള്ള ഈറ, ചൂരൽ എന്നിവ ഉപയോഗിച്ച് നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതികൾ വിവിധ ഫുഡ് പ്രൊസസ്സിംഗ് യൂണിറ്റ് സ്ഥാപിക്കുക, പ്രാദേശിക വിഭവങ്ങളായ ചക്ക, വാഴപ്പഴം, നാളികേരം തുടങ്ങിയവയിൽ നിന്ന് മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സംരംഭകരെ കണ്ടെത്തുവാനുള്ള പദ്ധതി, സിമന്റ് പ്രൊഡക്ട്സ് നിർമ്മാണത്തിനായി സർക്കാർ സഹായത്തോടെ വിവിധ യൂണിറ്റുകൾ രൂപീകരിക്കുന്നതിനായി സംരംഭകരെ കണ്ടെത്തി പദ്ധതികൾ നടപ്പിലാക്കുക, മണ്ഡലത്തിൽ സുലഭമായി ലഭിക്കുന്ന റബ്ബർ ലാറ്റക്സ് ഉപയോഗിച്ച് വിവിധ റബ്ബർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നിതിനുള്ള പദ്ധതി തുടങ്ങി മറ്റ് പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ